## DBFOO കരാർ റഗുലേറ്ററി കമ്മീഷൻ അനുമതി നിഷേധിക്കാനിടയായ സാഹചര്യം

1. കേന്ദ്ര സർക്കാർ 09.11.2013ൽ പുറപ്പെടുവിച്ച Design Build Finance, Own and Operate (DBFOO) വിജ്ഞാപന പ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡ് 850 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിന് 05.03.2014, 14.11.2014 തീയതികളിലായി 2 ടെണ്ടറുകൾ ക്ഷണിച്ചിരുന്നു. ആദ്യ ടെണ്ടർ പ്രകാരം 450 മെഗാവാട്ട് വൈദ്യുതി 2016 ഡിസംബർ മുതലും 2-ാമത്തെ ടെണ്ടർ പ്രകാരം 400 മെഗാവാട്ട് ഒക്ടോബർ 2017 മുതലും വാങ്ങുന്നതിനുള്ള ദീർഘകാല DBFOO കരാറുകളാണ് ക്ഷണിച്ചിരുന്നത്.
2. എന്നാൽ കെ.എസ്.ഇ.ബി ലിമിറ്റഡ് 850 മെഗാവാട്ട് വൈദ്യുതിക്ക് പകരം 2 ബിഡുകളിലായി 865 മെഗാവാട്ട് വാങ്ങുന്നതിന് 26.12.2014 മുതൽ 02.02.2015 വരെയുള്ള കാലയളവിൽ കരാറിലേർപ്പെടുകയുണ്ടായി. മാത്രമല്ല കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ DBFOO രീതിയിൽ വൈദ്യുതി വാങ്ങുന്ന വ്യവസ്ഥകളിൽ നിന്നും വ്യതിചലിച്ചുകൊണ്ട് 26.12.2014, 29.12.2014, 31.12.2014, 02.02.2015 എന്നീ തീയതികളിൽ കെ.എസ്.ഇ.ബി ലിമിറ്റഡ് ഏർപ്പെട്ട കരാറുകൾക്ക് അംഗീകാരം ലഭിക്കുന്നതിന് കെ.എസ്.ഇ.ബി ലിമിറ്റഡ് കമ്മീഷൻ മുമ്പാകെ 21.04.2015ൽ 13/15-ാം നമ്പർ ഒ.പി. ഫയൽ ചെയ്തിരുന്നു. കമ്മീഷൻ 30.08.2016ൽ പ്രസ്തുത ഒ.പി.യിൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുകയും നിയമാനുസൃതം വാങ്ങിയ L1 കരാറുകൾക്ക് മാത്രം അനുമതി നൽകുകയും കേന്ദ്ര നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ചുകൊണ്ട് ഏർപ്പെട്ട മറ്റു കരാറുകൾക്ക് അനുമതി നിഷേധിക്കുകയും ചെയ്തു.

### അനുമതി നൽകിയ കരാറുകൾ

ബിഡ്-1 M/s. Jindal Powers – 200 MW യൂണിറ്റിന് 3.60 രൂപ നിരക്കിൽ –
(FC 2.74 +VC 0.86)

ബിഡ്-2 M/s. BALCO – 100 MW – യൂണിറ്റിന് 4.29 രൂപ നിരക്കിൽ -
(FC 3.25 +VC 1.04)

### അനുമതി നൽകാത്ത കരാറുകൾ

ബിഡ്-1 M/s. Jhabua Power Ltd – 115 MW Rs. 4.15 (FC 2.39 +VC 1.76)
ബിഡ്-2 1. M/s. Jindal India Thermal Power – 100 MW Rs. 4.29 (FC 3.54 +VC 0.75)
2. M/s. Jhabua Power Ltd – 100 MW Rs. 4.29 (FC 2.97 +VC1.32)
3. M/s. Jindal Power Ltd – 150 MW Rs. 4.29 (FC3.43 +VC0.86)
4. M/s. East Cost Energy Pvt Ltd – 100 MW – Rs. 4.29 (FC3.14 +VC1.15)

3. കേന്ദ്രസർക്കാർപുറപ്പെടുവിച്ച DBFOO മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്നും മുൻകൂർ അനുമതി തേടാതെ വ്യതിചലിക്കുകയും, L1 നിരക്കിൽ നിന്നും കൂടിയ നിരക്ക് അനുവദിക്കുകയും നിയമവിരുദ്ധമായി നിരക്ക് മാച്ചിംഗ് നടത്തുകയും ഒറ്റബിഡ് ക്ഷണിക്കുന്നതിനുപകരം 2 ബിഡുകൾ ക്ഷണിക്കുകയും ചെയ്തതുകാരണം കെ.എസ്.ഇ.ബി ലിമിറ്റഡിന് കൂടുതൽ സാമ്പത്തിക ബാധ്യത ഉണ്ടായെന്ന് ബോധ്യപ്പെട്ടതിനാലാണ് 30.08.2016ൽ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ L1 കരാറുകൾ ഒഴികെയുള്ള മറ്റു കരാറുകൾക്ക് അംഗീകാരം നിഷേധിച്ചത്.

4. കമ്മീഷന്റെ 30.08.2016ലെ ഉത്തരവിനെതിരെ കെ.എസ്.ഇ.ബി ലിമിറ്റഡ് റിവ്യു പെറ്റീഷനോ അപ്പീലോ നൽകിയിരുന്നില്ല. എന്നാൽ അംഗീകരിക്കാത്ത കരാറുകാരിൽ നിന്നും താല്ക്കാലികമായി വൈദ്യുതി വാങ്ങുന്നതിനുള്ള അനുമതി സർക്കാരിൽ നിന്നും 30.11.16, 21.10.17 തീയതികളിലെ ഉത്തരവുകൾ പ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡ് നേടുകയും അതിൻപ്രകാരം 2 ബിഡുകളിലുമായി 465 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിന് താല്കാലികമായി കമ്മീഷൻ 01.12.2016 മുതലും 22.12.2017 മുതലും അംഗീകാരം നൽകുകയും ചെയ്തു. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും അന്തിമ അനുമതി കെ.എസ്.ഇ.ബി ലിമിറ്റഡ് വാങ്ങി നൽകണമെന്ന നിബന്ധനയ്ക്കു വിധേയമായാണ് കമ്മീഷൻ താല്ക്കാലിക അനുമതി നൽകിയത്. ഇതിനിടെ കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഏർപ്പെട്ട കരാറുകൾക്ക് അംഗീകാരം തേടുന്നതിന് പല പ്രാവശ്യം കെ.എസ്.ഇ.ബി ലിമിറ്റഡ് കേന്ദ്ര സംസ്ഥാന സർക്കാരുകളെ സമീപിച്ചിരുന്നുവെങ്കിലും കേന്ദ്രസർക്കാർ 18.11.2016, 11.12.2019 തീയതികളിലെ കത്തുകൾ പ്രകാരം 2തവണയും അംഗീകാരം നിഷേധിക്കുകയാണുണ്ടായത്. മാത്രമല്ല, സംസ്ഥാന സർക്കാർ നാളിതുവരെ പ്രസ്തുത കരാറുകൾ അംഗീകരിച്ചിട്ടില്ല.

5. എന്നാൽ താല്ക്കാലിക വൈദ്യുത കരാറുകൾക്ക് നൽകിയിരുന്ന L1നിരക്കിന്മേൽ അധികമായി വൈദ്യുതസർചാർജ്ജ് നൽകുന്നതിന് കമ്മീഷൻ നിയന്ത്രണം ഏർപ്പെടുത്തിയ സാഹചര്യത്തിൽ വൈദ്യുതി ഉല്പാദകർ 07.10.20ൽ DFR-369/2020 പ്രകാരം അപ്പലേറ്റ് ട്രിബ്യൂണലിനെ (APTEL) സമീപിച്ച് കമ്മീഷന്റെ ഉത്തരവ് 20.11.2020ൽ സ്റ്റേ ചെയ്തു.

6. ഇതിനിടെ, കമ്മീഷൻ ബഹു: സുപ്രീംകോടതി മുമ്പാകെ 04.01.21ൽ 41/21-ാം നമ്പരായി സിവിൽ അപ്പീൽ ഫയൽ ചെയ്യുകയും അപ്പലേറ്റ് ട്രിബ്യൂണലിന്റെ 20.11.2020ലെ ഉത്തരവിനെതിരെ 27.01.21ൽ സ്റ്റേ ലഭിക്കുകയുണ്ടായി. പ്രസ്തുത കേസിൽ 10.02.23ൽ സുപ്രീംകോടതി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചു. അതിൻപ്രകാരം, കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി ലിമിറ്റഡ് ഫയൽ ചെയ്ത ഒ.പി. 5/21ൽ 3 മാസത്തിനുള്ളിൽ അന്തിമ തീരുമാനമെടുക്കുന്നതിന് സുപ്രീം കോടതി കമ്മീഷന് നിർദ്ദേശം നൽകി. സുപ്രീം കോടതിയുടെ വിധിന്യായത്തിന്റെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.

> *"we expect that the Commission will take a call and decide O.A.No. 5/21 as expeditiously as possible but no case later than three months ..........on it's own merits in accordance with law".*

7. മേൽ സാഹചര്യത്തിൽ താല്ക്കാലിക അടിസ്ഥാനത്തിൽ 465 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിന് കെ.എസ്.ഇ.ബി ലിമിറ്റഡ് വൈദ്യുതി ഉല്പാദകരുമായി കേന്ദ്ര അനുമതിയില്ലാതെ നിയമവിരുദ്ധമായി ഏർപ്പെട്ട കരാറുകളിൽ അന്തിമ തീരുമാനമെടുക്കാൻ കമ്മീഷൻ നിർബന്ധിതമായി തീർന്നു. ബഹു: സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിൽ കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി ലിമിറ്റഡ് നൽകിയിരുന്ന 5/21-ാം നമ്പർ ഒ.പിയിൽ 09.02.2021, 29.03.2023 എന്നീ തീയതികളിൽ എറണാകുളത്തു വച്ചും, 28.03.2023ന് കോഴിക്കോട് വച്ചും 11.04.2023ൽ തിരുവനന്തപുരത്തു വച്ചും വിശദമായ പബ്ളിക്ക് ഹിയറിംഗുകൾ കമ്മീഷൻ നടത്തുകയും 10.05.23ൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. 30.08.2016ലെ ഉത്തരവിൽ കമ്മീഷൻ കണ്ടെത്തിയ കെ.എസ്.എ.ബി ലിമിറ്റഡിന്റെ ഭാഗത്തുള്ള നടപടി ക്രമങ്ങളിലെ വീഴ്ചകൾ സാധൂകരിക്കുന്നതിനാവശ്യമായ തെളിവുകളോ, കേന്ദ്രസംസ്ഥാന സർക്കാരുകളുടെ അന്തിമ അംഗീകാരമോ കെ.എസ്.ഇ.ബി ലിമിറ്റഡ് ഹാജരാക്കിയിരുന്നില്ല.

8. കെ.എസ്.ഇ.ബി ലിമിറ്റഡ് നിയമവിരുദ്ധമായി ചെയ്ത പ്രവർത്തികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അംഗീകാരം ലഭിക്കാത്തതും, ഒരു ബിഡിനുപകരം 2 ബിഡുകൾ ക്ഷണിച്ചതുവഴിയും നിയമവിരുദ്ധ L1മാച്ചിംഗ് നടത്തിയതുമൂലവും, കെ.എസ്.ഇ.ബി ലിമിറ്റഡ് വൻസാമ്പത്തിക ബാധ്യത ഉണ്ടാക്കിയെന്ന് ബോധ്യപ്പെട്ടതിനാലുമാണ്, കമ്മീഷൻ താല്ക്കാലിക കരാറുകൾക്ക് അന്തിമ അനുമതി നിഷേധിച്ചത്. 850 മെഗാവാട്ട് വൈദ്യുതിക്ക് ഒറ്റ ടെണ്ടർ വിളിച്ചിരുന്നുവെങ്കിൽ യൂണിറ്റിന് 3.60 നിരക്കിൽ 850 മെഗാവാട്ട് വൈദ്യുതി ലഭിയ്ക്കേണ്ടതിനു പകരം

2 ബിഡുകൾ ക്ഷണിച്ചതുമൂലം വൻസാമ്പത്തിക ബാധ്യത കെ.എസ്.ഇ.ബി ലിമിറ്റഡിനുണ്ടായി. കെ.എസ്.ഇ.ബി ലിമിറ്റഡിനെതിരെ കമ്മീഷന്റെ ഉത്തരവിൽ കണ്ടെത്തിയ വ്യതിചലനങ്ങൾ / വീഴ്ചകൾ പ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡിന് 25 വർഷത്തേക്ക് 5926.75 കോടി രൂപയുടെ അധിക ബാധ്യതയാണുള്ളത്. മേൽ സാഹചര്യത്തിൽ താല്ക്കാലിക കരാറുകൾ അംഗീകരിക്കണമെന്ന ആവശ്യം കമ്മീഷൻ 10.05.23ലെ ഉത്തരവ് പ്രകാരം നിരാകരിച്ചു.

9. കമ്മീഷൻ പുറപ്പെടുവിച്ച 10.05.23-ലെ ഉത്തരവിനെതിരെ കെ.എസ്.ഇ.ബി ലിമിറ്റഡ് വൈദ്യുതി അപ്പലേറ്റ് ട്രിബ്യൂണലിൻ (APTEL) മുമ്പാകെ 25.05.2023ൽ DFR-325/2023-ാം നമ്പർ അപ്പീൽ ഫയൽ ചെയ്ത് സ്റ്റേ ഉത്തരവിന് ശ്രമിച്ചെങ്കിലും അപ്പലേറ്റ് ട്രിബ്യൂണൽ സ്റ്റേ അനുവദിച്ചില്ല. കേസ് അപ്പലേറ്റ് ട്രിബ്യൂണലിൽ നിലനില്ക്കുകയാണ്.

10. കെ.എസ്.ഇ.ബി ലിമിറ്റഡ് ഒപ്പുവച്ച DBFOO കരാറുകൾക്ക് കേന്ദ്ര സംസ്ഥാന അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ DBFOO കരാറുകളിൽ അനുമതി നൽകാത്ത താല്ക്കാലിക കരാറുകളിൽ നിന്നും വൈദ്യുതി 465 മെഗാവാട്ടിനു പകരം മറ്റു മാർഗ്ഗങ്ങളിലൂടെ വൈദ്യുതി വാങ്ങുന്നതിന് നടപടി സ്വീകരിക്കണമെന്നും 25.06.22ലെ ഒ.പി. നമ്പർ 11/22ലെ (2022-23 മുതൽ 2026-27 വർഷത്തേക്കുള്ള (ARR,ERC & Tariff Order) പ്രകാരം കമ്മീഷൻ കെ.എസ്.ഇ.ബി ലിമിറ്റഡിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ കെ.എസ്.ഇ.ബി ലിമിറ്റഡ് പകരം സംവിധാനം ഏർപ്പെടുത്തുന്നതിന് യഥാസമയം നടപടി സ്വീകരിച്ചില്ല. 10.05.2023ലെ കെ.എസ്.ഇ.ആർ.സിയുടെ ഉത്തരവ് നടപ്പാക്കുന്നതിന് ബഹു. സുപ്രീംകോടതി 15 ദിവസത്തെ സാവകാശം അനുവദിച്ചിരുന്നു.

11. കേരളത്തിൽ മൺസൂൺ മഴ കുറഞ്ഞതിനാലും, താല്ക്കാലിക കരാർ റദ്ദുചെയ്തതിനാലും ഉണ്ടായ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനും, ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിനും സാവകാശം ലഭിക്കുന്നതിനായി റദ്ദാക്കപ്പെട്ട കരാറുകാരിൽ നിന്നും വീണ്ടും താല്ക്കാലികമായി വൈദ്യുതി വാങ്ങുന്നതിന് അനുവദിയ്ക്കണമെന്നാവശ്യപ്പെട്ട് കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി ലിമിറ്റഡ് ഫയൽ ചെയ്ത 24/2023-ാം നമ്പർ ഒറിജിനൽ പെറ്റീഷനിൽ കമ്മീഷൻ 07.06.2023ൽ 75 ദിവസം (25.05.23 മുതൽ) സാവകാശം അനുവദിച്ചുകൊണ്ട് അനുകൂല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. വീണ്ടും കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി ലിമിറ്റഡ് ഫയൽ ചെയ്ത 50/2023-ാം നമ്പർ ഒറിജിനൽ പെറ്റീഷനിൽ 17.08.2023ൽ അനുകൂല

ഉത്തരവ് പുറപ്പെടുവിക്കുകയും നിലവിലെ കരാറുകാരിൽ നിന്നും 31.12.2023 വരെ തുടർന്നും വൈദ്യുതി വാങ്ങുവാൻ കമ്മീഷൻ അനുവദിയ്ക്കുകയുണ്ടായി.

12. വൈദ്യുതി പ്രതിസന്ധിയ്ക്കാധാരമായി ചൂണ്ടിക്കാണിയ്ക്കപ്പെടുന്ന 10.05.2023ലെ 41/21-ാം നമ്പർ സിവിൽ അപ്പീലിൽ കമ്മീഷന്റെ ഉത്തരവ്, ബഹു: സുപ്രീംകോടതി നിശ്ചയിച്ച മൂന്നു മാസത്തെ സമയപരിധിയ്ക്കകം നിയമനാനുസൃതം പുറപ്പെടുവിച്ചതാണ്. കമ്മീഷന്റെ 30.08.16 ലെ ഉത്തരവിലെ കണ്ടെത്തലുകൾ അസാധുവാക്കുന്നതിനാധാരമായ തെളിവുകളോ രേഖകളോ കെ.എസ്.ഇ.ബി ലിമിറ്റഡ് ഹിയറിംഗിൽ ഹാജരാക്കിയിട്ടില്ല. കമ്മീഷന്റെ ഉത്തരവിനെതിരെ കെ.എസ്.ഇ.ബി ലിമിറ്റഡും, വൈദ്യുതി ഉല്പാദകരും നൽകിയ അപ്പീലുകൾ APTELൽ നിലനില്ക്കുകയാണ്. APTEL കെ.എസ്.ഇ.ആർ.സിയുടെ 10.05.2023ലെ ഉത്തരവിൽ സ്റ്റേ നല്കിയില്ല.

13. കേരളത്തിലെ ഇപ്പോഴത്തെ വൈദ്യുതി പ്രതിസന്ധിക്കു കാരണം 465 മെഗാവാട്ടിന്റെ DBFOO ദീർഘകാല കരാറുകൾക്ക് വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അനുമതി നിഷേധിച്ചതാണെന്ന വാദം വിചിത്രവും വസ്തുതകൾക്ക് നിരക്കാത്തതുമാണ്. നിയമ വിരുദ്ധമായി ഏർപ്പെട്ടതും 2016 മുതൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ അനുമതി നല്കാത്തതുമായ കരാറുകളാണിവ. വൈദ്യുതി പ്രതിസന്ധി മുൻകൂട്ടി മനസ്സിലാക്കി കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല. 2021 -22 കാലയളവിൽ, കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെ കെ.എസ്.ഇ.ബി ലിമിറ്റഡ് വിളിച്ച ടെണ്ടറിൽ യൂണിറ്റിന് 2.44, 2.77 നിരക്കിൽ 200 മെഗാവാട്ട് ലഭിച്ചിരുന്നു. ടാറ്റാപവ്വറിൽ നിന്ന് (TP Sourya Ltd) 110MW യൂണിറ്റിന് 2.44 രൂപ നിരക്കിലും NTPC യിൽ നിന്ന് 90MW യൂണിറ്റിന് 2.77 രൂപ നിരക്കിലും വാങ്ങുന്നതിന് കെ.എസ്.ഇ.ആർ.സി 19.11.21, 05.07.22 തീയതികളിൽ അനുമതി നൽകിയിരുന്നു. ആ വൈദ്യുതി പൂർണ്ണമായും കെ.എസ്.ഇ.ബി ലിമിറ്റഡ് എടുത്തു തുടങ്ങിയിട്ടില്ല.

14. താല്ക്കാലിക കരാറുകൾക്ക് നിയമാനുസൃതം അന്തിമ തീർപ്പു കൽപ്പിക്കണമെന്ന 10.02.23ലെ ബഹു: സുപ്രീം കോടതി ഉത്തരവ് സമയബന്ധിതമായി നടപ്പിലാക്കേണ്ടി വന്ന സാഹചര്യത്തിലാണ് കമ്മീഷൻ 10.05.23ലെ ഉത്തരവ് പുറപ്പെടുവിച്ചത്.

കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ഒരു അർദ്ധജുഡീഷ്യൽ സ്വഭാവമുള്ള സംവിധാനമാണ്. 2003ലെ ഇലക്ട്രിസിറ്റി ആക്റ്റ് പ്രകാരം നിയമാനുസൃതം പ്രവർത്തിക്കാനും തീരുമാനമെടുക്കാനും ബാദ്ധ്യസ്ഥമാണ്. ഇപ്പോൾ സംജാതമായിരിക്കുന്ന വൈദ്യുതി പ്രതിസന്ധി മുന്നിൽകണ്ട് കമ്മീഷൻ സംസ്ഥാനത്ത് ജൂൺ 2022ൽ നൽകിയ നിർദ്ദേശം യഥാസമയം പാലിക്കുന്നതിനോ, പകരം സംവിധാനം ഏർപ്പെടുത്തുന്നതിനോ, കുറഞ്ഞ നിരക്കിൽ പകരം വൈദ്യുതി വാങ്ങുന്നതിനോ കെ.എസ്.ഇ.ബി ലിമിറ്റഡ് ഇതുവരെ നടപടി സ്വികരിച്ചില്ല. ഇന്ത്യയൊട്ടാകെ 01.04.2023നു ശേഷം ക്ഷണിച്ച 8 ടെണ്ടറുകളിൽ 6 എണ്ണത്തിലും കമ്മീഷൻ അനുമതി നിഷേധിച്ച കരാറുകളെക്കാൾ കുറഞ്ഞ തുകയ്ക്കാണ് കമ്പനികൾ വൈദ്യുതി നൽകാൻ ഓഫർ നൽകിയിരുന്നത്.

15. കമ്മീഷൻ അനുമതി നിഷേധിച്ച കരാറുകളിൽ നിന്നും വീണ്ടും ഡിസംബർ, 2023 വരെ താല്ക്കാലികമായി വൈദ്യുതി വാങ്ങുന്നതിന് 07.06.23, 17.08.23 എന്നീ തീയതികളിൽ കമ്മീഷൻ അനുമതി നൽകുകയും വൈദ്യുതി വാങ്ങികൊണ്ടിരിക്കുകയുമായിരുന്നു. ഇത് പ്രകാരം സബ്സിഡി നിരക്കിൽ കൽക്കരി നൽകുന്നതിനുള്ള കത്ത് Coal India Ltdന് കമ്മീഷൻ 18.07.2023ൽ നൽകുകയും ചെയ്തിട്ടുണ്ട്. 10.05.2023നു ശേഷം അഖിലേന്ത്യാ തലത്തിൽ വിളിച്ച ടെണ്ടറുകളിൽ ലഭ്യമായ നിരക്ക് യൂണിറ്റിന് 3.27, 3.28 എന്നിങ്ങനെയാണ്.

16. കമ്മീഷൻ ഇപ്പോൾ അനുമതി നിഷേധിച്ച കരാറുകൾക്ക് 30.08.2016 ൽ തന്നെ കമ്മീഷൻ അംഗീകാരം നിഷേധിച്ചതാണെന്നും, കെ.എസ്.ഇ.ആർ.സി ഫയൽ ചെയ്ത പെറ്റീഷനിൽ സുപ്രീം കോടതി നൽകിയ ഉത്തരവിന്റെ വെളിച്ചത്തിലാണ് കമ്മീഷൻ തീരുമാനമെടുത്തതെന്ന കാര്യവും വസ്തുതയാണ്.